# ടെയ്പിങ് വിപ്ലവം

സി. ജെ. തോമസ്



ടെയ്പിങ് വിപ്ലവം
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Pine, Plum and Cranes, a painting by Shen Quan (1682–1760). The image is taken from Wikimedia Commons and is gratefully acknowledged.


**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ടെയ്പിങ് വിപ്ലവം



ടെയ്പിങ് കലാപത്തിന്റെ ഒരു രംഗം, 1850–1864.

ടെയ്പിങ് വിപ്ലവം ചൈനയിലെ മുതലാളിത്ത (ബൂർഷ്വാ ഡെമോക്രാറ്റിക്) വിപ്ലവത്തിന്റെ ഒന്നാമങ്കമാണ്. ചൈനയിലെ മുതലാളിത്തവിപ്ലവം ഏതാണ്ട് നാനൂറുവർഷങ്ങൾ കൊണ്ടാണ് പര്യവസാനിച്ചത്. അക്കാലമെല്ലാം മുതലാളിത്തവും ഫ്യൂഡലിസവും ഒന്ന വളർന്നും മറ്റതു നശിച്ചുംകൊണ്ടു നിലനിൽക്കുകയായിരുന്നു. പാശ്ചാത്യരാജ്യങ്ങളെ അപേക്ഷിച്ച് മുതലാളിത്തവിപ്ലവം ചൈനയിലാരംഭിക്കുവാൻ വളരെ കാലതാമസം വേണ്ടിവന്നു. ഫ്യൂഡലിസംതന്നെ വേണ്ടിടത്തോളം വളർന്നുകഴിഞ്ഞിട്ടില്ലായിരുന്നു എന്നുള്ളതും ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ മുതലാളിത്തത്തിന് പ്രതികൂലമായിരുന്നതും ആണ് അതിനുള്ള കാരണങ്ങൾ. മുതലാളിത്തത്തിന്റെ പ്രവേശനമുണ്ടായിട്ടുതന്നെ ഫ്യൂഡൽ നാടുവാഴി വർഗ്ഗത്തിന്റെയും വിദേശസാമ്രാജ്യത്തിന്റെയും ഏകോപിച്ചുള്ള പരിശ്രമംകൊണ്ട് അതിന്റെ പുരോഗതി തടയപ്പെട്ടു.




ഗ്വാങ്സിയിലെ മെങ്ഷാൻ പട്ടണത്തിലെ ടെയ്പിങ് വിപ്ലവത്തിന്റെ ചരിത്ര സ്മാരകം.

കർഷകലഹളയും മുതലാളിത്തശിശുവിന്റെ വളരാനുള്ള പരിശ്രമങ്ങളുമാണ് ബൂർഷ്വാ ഡെമോക്രാറ്റിക് വിപ്ലവത്തിന്റെ പ്രധാനഘടകങ്ങൾ. ഇവ രണ്ടും ഫ്യൂഡൽ നാടുവാഴികളെ അധികാരത്തിൽനിന്നു പുറംതള്ളുന്നതിനും, മുതലാളിത്തരീതിയിലുള്ള ഉല്പാദനത്തെ ത്വരിതപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യം സമ്പാദിക്കുന്നതിനും സഹായിക്കുന്നു. ടെയ്പിങ് വിപ്ലവത്തിൽ കർഷക മുന്നേറ്റമാണ് പ്രധാന പങ്കു വഹിച്ചത്. ഒരു ദൈവികച്ഛായയുള്ള രാജാധികാരത്തെ സ്ഥാപിക്കണമെന്ന് അവർ വാദിച്ചതുകൊണ്ട് അതൊരു ജനാധിപത്യ വിപ്ലവമല്ലാതായി തീരുന്നില്ല. പരിമിത അധികാരങ്ങളോടുകൂടിയ ഒരു രാജാവ് ജനാധിപത്യവിപ്ലവത്തിന് നിഷിദ്ധമല്ല.




ഹോങ് സിയുക്വാന്റെ ചിത്രം.

പ്രത്യേകിച്ചും തൊഴിലാളിവർഗ്ഗം വളർന്നിട്ടില്ലാത്ത ഒരു രാജ്യത്ത് കൃഷിക്കാരുടെ നേതൃത്വത്തിൽ നടക്കുന്ന ഒരു വിപ്ലവത്തിൽ രാജാവ് സ്വകാര്യസ്വത്തിന്റെ സിംബലാണ്. മുതലാളിത്തം സ്വത്തുടമയുടെ സമ്പ്രദായം മാറ്റിത്തീർക്കുന്നുണ്ടെങ്കിലും അതിനെ ചോദ്യം ചെയ്യുന്നില്ല. ടെയ്പിങ് വിപ്ലവമാകട്ടെ ഒരു ദേശീയവിമോചനസമരവും കൂടിയായിരുന്നു.




മഞ്ചു ക്വിംഗ് രാജവംശത്തിൽ നിന്നുള്ള ഒരു ചെമ്പ് (പിച്ചള) നാണയം, 1850–1861.

ടെയ്പിങ് വിപ്ലവത്തിന്റെ പ്രധാനസ്വഭാവങ്ങൾ മതതീക്ഷ്ണത, പൗരാണികകമ്മ്യൂണിസത്തിലേക്കുള്ള ചായ്‌വ്. ജന്മിത്വത്തോടുള്ള ശത്രുത, മഞ്ചുരാജവംശത്തെപ്പറ്റിയുള്ള വെറുപ്പ്, വിദേശത്തോടുള്ള മമത, വാണിജ്യവ്യവസായപ്രോത്സാഹനം, പൊതുവെ ഉല്പതിഷ്ണു മനോഭാവം എന്നിവയായിരുന്നു. അവരുടെ പരിപാടി സമരമായിരുന്നുവെങ്കിലും ലക്ഷ്യം സമാധാനമായിരുന്നു. അവർ പിടിച്ചടക്കിയ രാജ്യത്തിന് അവർ നൽകിയ പേർ ശാന്തിയുടെ സ്വർഗ്ഗീയസാമ്രാജ്യം എന്നായിരുന്നു. ശത്രുക്കളോട് അവർ യാതൊരു കരുണയും കാണിച്ചില്ലെങ്കിലും വിജയത്തിനു ശേഷം അവർ നല്ലഭരണം ഏർപ്പെടുത്തി. ഏതാണ്ട് ക്രിസ്തുമതത്തിന്റെ രീതിയിൽ ഒരു സഹോദരത്വം അവർ പ്രകടിപ്പിച്ചു. അവർ ഭൂമിയിൽ പൊതുവുടമ സ്ഥാപിച്ചു. കുടിൽവ്യവസായത്തിന്റെ ഉല്പന്നങ്ങൾ ഭരണകൂടംതന്നെയാണ് വിതരണം ചെയ്തത്. ഉല്പാദനവിതരണങ്ങളുടെ പൊതുതത്ത്വം എല്ലാവർക്കും ന്യായമായ പങ്ക് ലഭിക്കുക എന്നതായിരുന്നു. ജനകീയവിദ്യാലയങ്ങൾ സ്ഥാപിച്ച് അവർ വിദ്യാഭ്യാസം പ്രചരിപ്പിച്ചു. കറപ്പുവലി ശിക്ഷായോഗ്യമാക്കിത്തീർത്തു. അടിമത്തം ബഹിഷ്കരിച്ചു. വേശ്യാവൃത്തിയെ നിരോധിക്കുകയും ചെയ്തു മതപരമായി ടെയ്പിങ് പ്രസ്ഥാനം വിഗ്രഹാരാധനയ്ക്കെതിരായിരുന്നു. രാഷ്ട്രീയമായി അതു മഞ്ചുരാജവംശത്തിന്റെ ശത്രുവായിരുന്നു. അതിന്റെ സാമൂഹ്യവശം കമ്മ്യൂണിസ്റ്റുമായിരുന്നു.




ചൈന റിപ്പബ്ലിക്കിന്റെ ക്വാൻടങ് പ്രവിശ്യാ സർക്കാർ.

ക്വാൻടങ് സംസ്ഥാനത്ത് ഒരു കർഷകകുടുംബത്തിൽ ഒരദ്ധ്യാപകന്റെ മകനായിട്ടാണ് ഹംഗ്സിയുൻസാങ് ജനിച്ചത്. സർക്കാർസേവനത്തിന്റെ പരിശീലനത്തിനുവേണ്ടി അയാൾ കാൻടൺ പട്ടണത്തിലേക്കയക്കപ്പെട്ടു. പബ്ലിക് സർവ്വീസ് പരീക്ഷയിലുള്ള പരാജയവും ക്രിസ്ത്യൻ മിഷണറിമാരുമായിട്ടുള്ള പരിചയവും അയാളുടെ ചിന്താഗതിയെ സാരമായി സ്വാധീനപ്പെടുത്തി. പരാജയത്തിൽ കലികൊണ്ടു പ്രഭുവർഗ്ഗത്തോട് പടവെട്ടുവാൻ തീരുമാനിച്ച അയാൾക്ക് ക്രിസ്തുമതം ഒരു നവദർശനം നൽകി. കൊടുമ്പിരിക്കൊണ്ട വികാരങ്ങളുടെ ഫലമായി ഹംഗ് രോഗിയായിത്തീർന്നു. ജ്വരബാധിതനായപ്പോൾ അയാൾക്കുണ്ടായ വെളിപാടുകളാണ് ടെയ്പിങ് പ്രസ്ഥാനത്തിന്റെ വിശ്വാസപ്രമാണം. ഒരു വൃദ്ധൻ പ്രത്യക്ഷപ്പെട്ടു ജനമർദ്ദകരെ വധിക്കാനുള്ള ഒരു ഖഡ്ഗം സമ്മാനിച്ചതായി അയാൾ സ്വപ്നം കണ്ടു. പക്ഷേ, ഹംഗ് ടെയ്പിങ് പ്രസ്ഥാനത്തിന്റെ സ്രഷ്ടാവായിരുന്നില്ല. അക്കാലത്തു നാടുനീളെ, നീറിപ്പിടിച്ചുകൊണ്ടിരുന്ന കാർഷിക അസംതൃപ്തിയുടെ പ്രചാരകനും സംഘാടകനും ആയിത്തീർന്നുവെന്നതാണ് ഹംഗിന്റെ മഹത്വം. തന്റെ പ്രസ്ഥാനത്തിന് അനുഭാവികളെ കിട്ടുവാൻ അയാൾക്ക് ക്വാൻങ്സിവരെ യാത്രചെയ്യേണ്ടിവന്നു. ക്വാൻടംഗ്, ക്വാൻങ്സി, ഹുണാൻ എന്നീ സംസ്ഥാനങ്ങൾ യോജിക്കുന്ന ഒരു മലമ്പ്രദേശമുണ്ട് അവിടെ ഏറ്റവും ദരിദ്രരായ ഒരു വർഗ്ഗം ജനങ്ങളും. ആ സ്ഥലത്ത് രണ്ടാമത് വന്നെത്തിയ ഇക്കൂട്ടരെ വരത്തർ എന്നാണ് വിളിച്ചു വന്നിരുന്നത്. അവർ കർഷകത്തൊഴിലാളികളായും കൈത്തൊഴിൽക്കാരായും കഴിഞ്ഞു. മോഷണവും പിടിച്ചുപറിയും അവരുടെ പതിവായിരുന്നു. ചിലപ്പോൾ അവർ കടൽക്കള്ളന്മാരാവുകയും ചെയ്യാറുണ്ടായിരുന്നു. ഈ വർഗ്ഗത്തിൽനിന്നാണ് ഹംഗ് ഒരു ചെറിയ സംഘത്തെ ഉണ്ടാക്കിയത്. 1850-ൽ അവർ ലിയുച്ചു എന്ന ചെറിയ പട്ടണം പിടിച്ചു. ഹംഗ് ശാന്തിസാമ്രാജ്യത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ തലവനായി അവരോധിക്കപ്പെട്ടു. പ്രഭുവർഗ്ഗം ഹംഗിന് ക്ലലിവാംങ്ങ് (തൊഴിലാളിരാജാവ്) എന്ന സ്ഥാനപ്പേരു കൽപിച്ചു നൽകുകയും ചെയ്തു. ലഹളക്കാരുടെ ആദ്യത്തെ കർമ്മം ഭൂമി ഉടമയുടെ രേഖകൾ സൂക്ഷിച്ചിരുന്ന ക്ഷേത്രങ്ങളെല്ലാം ചുട്ടുനശിപ്പിക്കുക എന്നതായിരുന്നു. അവരുടെ ആദർശങ്ങളെ ക്രോഡീകരിച്ചുകൊണ്ട് ഒരു ഗാനം എഴുതി. അതിൽ ചൈനയിലെ മർദ്ദിതജനതയുടെ ശബ്ദം ഉയർന്നുകേൾക്കുന്നുണ്ട്. ദേശീയത്വവും കഴിഞ്ഞുപോയ സുവർണ്ണയുഗത്തിലേക്കുള്ള ഒരെത്തിനോട്ടവും അതിൽ കാണുവാനുണ്ട്. മർദ്ദിതജനത കൊള്ളക്കാരല്ലെന്നും ഈശ്വരേച്ഛയുടെ കർമ്മയോഗികളാണെന്നും അതിൽ അവകാശപ്പെടുന്നു. കാർഷികലഹളയുടെ ഈ സമരഗാനം ചൈനയിലെ ബൂർഷ്വാ ഡെമോക്രാറ്റിക് വിപ്ലവത്തിന്റെ പ്രഭാതഭേരിയാണ്.




വെള്ളത്തിലെ വാണിജ്യം, 1759.

പ്രസ്ഥാനം കാട്ടുതീപോലെ പടർന്നുപിടിച്ചു. മൂന്നു വർഷത്തിനകം ക്വാൻങ്സി കൂടാതെ ഹുണാൻ, ഹുപ്പൈ, ആങ്‌വി എന്നീ സംസ്ഥാനങ്ങളും അവർ കൈവശപ്പെടുത്തി. ച്യാങ്ഷാ, വുവാംഗ്, ഹനിയാങ് മുതലായ പ്രധാനകേന്ദ്രങ്ങളും അവർ പിടിച്ചു. സൈന്യം പതിനായിരത്തിൽ നിന്ന് ഒരു ലക്ഷമായി. 1853-ൽ അവർ നാങ്കിംഗ് പിടിച്ചു. അവിടെനിന്ന് പെക്കിംഗ് പിടിക്കുവാൻ പുറപ്പെട്ട സൈന്യം ആറുമാസത്തിനകം റ്റീൻസിനിലെത്തി. അതിനങ്ങോട്ടുള്ള സ്ഥലം പിടിക്കുക ദുഷ്കരമായിരുന്നു. എങ്കിലും, നാംഗിങ്ങിൽ തലസ്ഥാനമായി സ്ഥാപിക്കപ്പെട്ട ശാന്തി സാമ്രാജ്യം ഒമ്പതുസംസ്ഥാനങ്ങളെയും 20 കോടി ജനങ്ങളെയും ഭരിച്ചു. ആ ഭരണകൂടത്തിന്റെ സ്വഭാവം നിർണ്ണയിക്കുവാൻ അവരുടെ നിയമങ്ങളിൽ ഒന്നുമാത്രം മതിയാവും. വയലുകളുള്ളവർ അവയെ യോജിച്ചു കൃഷിചെയ്യട്ടെ; നെല്ലുകിട്ടുമ്പോൾ അവർ യോജിച്ചു ഭക്ഷിക്കട്ടെ; വസ്ത്രത്തിന്റെയും പണത്തിന്റെയും കാര്യവും അങ്ങനെതന്നെ; എല്ലാവനും സമമായി ലഭിക്കുവാനും ഓരോരുത്തനും ഒരുപോലെ ഉണ്ണാനും ഉടുക്കാനുംവേണ്ടി എല്ലാം പൊതുവായി ഉപയോഗിക്കട്ടെ.



പ്രവിശ്യാ നഗരമായ അൻകിംഗ് വീണ്ടെടുക്കുന്നു.

വിപ്ലവത്തിന്റെ വിജയത്തോടുകൂടി പുതിയ ചുമതലകൾ വന്നുകൂടി. ഫ്യൂഡൽഘടനയെ തകർത്ത് അതിന്റെ സ്ഥാനത്ത് ഒരു പുതിയ സാമൂഹ്യഘടന പടുത്തുയർത്താൻ അവർ പരിശ്രമിച്ചു. പക്ഷേ, ഈ പരിശ്രമത്തിൽ പൊതുവുടമയെന്ന ആശയം പുറംതള്ളപ്പെട്ടു. അതിന് ചൈനയ്ക്കു കാലമായിട്ടുണ്ടായിരുന്നില്ല. നേരേമറിച്ചു കുറെക്കൂടി ഉയർന്ന രൂപത്തിലുള്ള ഒരു സ്വകാര്യ ഉടമയാണ് അവർ സ്ഥാപിച്ചത്. മുതലാളിത്ത വിപ്ലവത്തിന്റെ എല്ലാ ലക്ഷണങ്ങളും ടെയ്പിങ് വിപ്ലവത്തിൽ കണ്ടുതുടങ്ങി. വ്യവസായവാണിജ്യ ജയങ്ങൾ ടെയ്പിങ് തലസ്ഥാനത്തിൽ അഭിവൃദ്ധിപ്പെട്ടു. ചായ, പട്ട് എന്നിവയുടെ കയറ്റുമതി വർദ്ധിപ്പിച്ചു. ഭൂമിയുടെ ഉല്പാദനശക്തിയും വർദ്ധിച്ചു. ചുങ്കം നിർത്തൽ ചെയ്തു. യുദ്ധത്തിനുവേണ്ടി ഭാരിച്ച നികുതികൾ ചുമത്തേണ്ടിവന്നെങ്കിലും അത് കഴിവുള്ളവരുടെമേൽ മാത്രമായിരുന്നു. പൊതുവേ പറഞ്ഞാൽ മുതലാളിത്തരീതിയിലുള്ള ഉല്പാദനത്തിന് ഉദാരമായ പ്രോത്സാഹനമാണ് ലഭിച്ചത്. യാതൊരുതരത്തിലുള്ള കൊള്ളയും അവരുടെ രാജ്യത്തുണ്ടായിരുന്നില്ല. അവർ പിടിച്ചടക്കുന്ന സ്ഥലങ്ങളിലെ ടാർട്ടാർ ഭടന്മാരെയും മഞ്ചുപ്രഭുക്കന്മാരെയും അവർ കൊന്നൊടുക്കി എന്നതു പരമാർത്ഥമാണ്. പക്ഷേ, പൊതുവെ ജനങ്ങൾക്കു വളരെ സുഖമായിരുന്നു. ചൈനയൊട്ടാകെ ഉള്ള ഒരാശ ഇതായിരുന്നു. “തെക്കുള്ള വിപ്ലവകാരികൾ ഇവിടെയും വന്നിരുന്നെങ്കിൽ.” വിദേശികളോടും അവർ മമത കാണിച്ചു. മഞ്ചുരാജവംശത്തെ സംരക്ഷിക്കുവാൻ യാതൊന്നും ചെയ്യരുതെന്നുമാത്രമേ അവർക്കു നിർബന്ധമുണ്ടായിരുന്നുള്ളു. ഈ നിബന്ധന എത്ര പ്രധാനമായിരുന്നു എന്ന് അനന്തര സംഭവങ്ങൾ തെളിയിച്ചു.



ബ്രിട്ടീഷ് സ്റ്റീംഷിപ്പ് ചൈനീസ് യുദ്ധ ജങ്കുകളെ നശിപ്പിക്കുന്നു, ഇ. ഡങ്കൻ, 1843.

യൂറോപ്പിലെ മുതലാളിത്തരാഷ്ട്രങ്ങൾ ചൈനയിൽ മുതലാളിത്തം വളരുന്നതിന് ഇഷ്ടപ്പെട്ടിരുന്നില്ല. അവർ മഞ്ചുരാജവംശത്തോടു ചേർന്ന് ടെയ്പിങ് പ്രസ്ഥാനത്തെ നശിപ്പിക്കുകയാണ് ചെയ്തത്. 1856-ൽ ബ്രിട്ടീഷ് ഫ്രഞ്ചു നാവികസൈന്യങ്ങൾ ക്വാൻടംഗ് നഗരം വെടിവച്ചു തകർത്തു. അവരുടെ ലക്ഷ്യം അധഃപതിച്ച ഫ്യൂഡൽ അധികാരത്തെ താങ്ങിനിറുത്തി അവരിൽനിന്നും പ്രത്യേകാവകാശങ്ങൾ പിടിച്ചുപറിക്കുക എന്നതായിരുന്നു. ചൈനയിലെ സ്ഥിതിഗതികൾ പഠിക്കുവാൻ നിയമിക്കപ്പെട്ട സംഘങ്ങളുടെ റിപ്പോർട്ടിനെ വകവെയ്ക്കാതെതന്നെ അവർ ടെയ്പിങ് പ്രസ്ഥാനത്തിനെതിരായി യുദ്ധം ചെയ്തു. ആദ്യകാലങ്ങളിൽ മഞ്ചുരാജവംശത്തെ അവർ കോടാലിക്കയ്യാക്കി. പക്ഷേ, മഞ്ചുവിന് നാംഗിങ്ങ് പിടിക്കുവാൻ കഴിഞ്ഞില്ല. എങ്കിലും, ചൈനയിലെ പിന്തിരിപ്പന്മാരും വിദേശശക്തികളും സംഘടിച്ച് ടെയ്പിങ് വിപ്ലവത്തെ തകർത്തു.

ഡെമോക്രാറ്റ് 25 നവംബർ 1950.
അന്വേഷണങ്ങൾ 2004.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കുത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ടരൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കുത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014